WS2 MM 10 3

# തിരുവനന്തപുരം വിദ്യാഭ്യാസ ജില്ല

## ക്ലാസ്സ് 10 – മലയാളം

## അടിസ്ഥാനപാഠാവലി

**1.പട്ടിക പൂർത്തിയാക്കുക**

| പ്രകൃതി | പ്രകൃതി ഭംഗി | പ്രയോഗ സവിശേഷത |
|---|---|---|
| തുമ്പ | പൂക്കുടകൾ നിറച്ച് മേടുകൾ തോറും മഴകൊണ്ട് വിറച്ച് നിൽക്കുന്നു. | മലർക്കുട നിറച്ചു നിൽക്കുന്ന ഗ്രാമബാലികയുടെ ഭാവം |
| മുക്കുറ്റി | ---------- | വിളക്ക് കത്തിക്കാനായി പാതയോരത്ത് നാട്ടിയിരിക്കുന്ന വിളക്കു കാലുകൾക്ക് സമാനം. |
| നെയ്യാമ്പൽ | ഉറങ്ങാതെ പൊൻ ക്കിഴിയെരിയുന്ന വെള്ളിത്താലമെടുത്തു നിൽക്കുന്നു. | ---------------- |
| കമുക് | --------------------- | ---------------------- |

2.'ആർപ്പുവിളിക്കു' എന്ന് കവി ആരോടാണ് പറയുന്നത്?

- ഉണ്ണികളോട്
- കൊച്ചരുവികളോട്
- കന്യകളോട്

**രണ്ടു വാക്യത്തിൽ ഉത്തരമെഴുതുക**

3. എ.പി ഉദയഭാനുവിന്റെ ഏകാന്തത വൃക്ഷലതാദികളോടുള്ള കൂട്ടുകെട്ടിന് കൂടുതൽ പ്രേരകമായത് എങ്ങനെ?

**4.ഭാഷാപരമായ രണ്ട് സവിശേഷത എഴുതുക**

“നീളം മലയുടെ ചങ്ങലവട്ടയിൽ
നാളം പാടല വിരലാൽ നീട്ടിയും"

**അരപ്പുറത്തിൽ ഉത്തരമെഴുതുക**

5. "പഴമയിലിഴയും പല്ലുകൊഴിഞ്ഞൊരു
പാട്ടാണെന്നു പഴിക്കാമിന്നു
പരിഷ്കാരത്തിൻ തിണ്ണയിലുള്ളവർ" -പഴമയിലിഴയും പല്ലുകൊഴിഞ്ഞ പാട്ട്,പരിഷ്കാരത്തിൻ തിണ്ണയിലുള്ളവർ ഈ പ്രയോഗങ്ങളിലൂടെ കവി പുതുതലമുറയോട് സൂചിപ്പിക്കുന്നതെന്താവാം .കുറിപ്പ് തയ്യാറാക്കുക.

6.ലോകമേ തറവാട്ടു തനിക്കീച്ചെടികളും
പുൽകളും പുഴക്കളും കൂടിത്തൻ കുടുംബക്കാർ
-വള്ളത്തോൾ

" പ്രകൃതിയോടുള്ള ഐക്യത്തിന്റെ പ്രതീകമാണ് കൊച്ചുചക്കരച്ചിയിലെ അമ്മ" - വിലയിരുത്തൽക്കുറിപ്പ് തയ്യാറാക്കുക

**ഒരുപുറത്തിൽ ഉത്തരമെഴുതുക**

7. -കുലശ്രേഷ്ഠകൾ -കൊച്ചുചക്കരച്ചിയും വലിയചക്കരച്ചിയും
- നാവുണ്ടായിരുന്നെങ്കിൽ തലമുറകളുടെ കഥകൾ പറയുമായിരുന്ന 'വൃദ്ധമുത്തശ്ശി'
- കുടുംബത്തിന്റെ 'അരുമത്തം' നേടിയവൾ.
- തറവാടിന്റെ നടുമുറ്റത്ത് 'അധീശ്വരിയെ'പ്പോലെ നിലകൊണ്ടവൾ
- കൊച്ചു ചക്കരച്ചി വീഴില്ല,വീണാലും അവൾ ആപത്തു വരുത്തില്ല.

കൊച്ചു ചക്കരച്ചി എന്ന മാവിന് മാനുഷിക ഭാവം നൽകി അവതരിപ്പിച്ചിരിക്കുകയാണ് ഇവിടെ.പാഠഭാഗം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

8.നഷ്ടപ്പെടുന്ന നാടോടി സംസ്കാരത്തെയും പ്രകൃതിയെയും കുറിച്ചുള്ള സൂചനകൾ 'ഓണമുറ്റത്ത് 'എന്ന കവിതയിൽ കാണാം.കവിതയിലെ ആശയങ്ങൾ കൂടി പരിഗണിച്ച് "**മാറുന്ന ഓണം**" എന്ന വിഷയത്തെക്കുറിച്ച് ലേഖനം തയ്യാറാക്കുക.

## അധികചോദ്യങ്ങൾ

1.കാച്ചിക്കുറുക്കിയ കവിതകളുടെ കർത്താവ്?

2."മലർക്കളമെഴുതിക്കാത്തോരരചനെ" -അരചൻ എന്നു വിശേഷിപ്പിക്കുന്നതാരെ?

3."ഓണക്കാലത്തുണരും ഞാൻ തിരു-
വോണപ്പാട്ടുകളാണെൻ പാട്ടുകൾ" -വരികളിൽ തെളിയുന്ന ഭാവം?

4. "നാവ് ഉണ്ടായിരുന്നെങ്കിൽ കുടുംബത്തിന്റെ കഥ അവൾ പറയുമായിരുന്നു" -സന്ദർഭം വിശകലനം ചെയ്യുക

5.ഓണവുമായി ബന്ധപ്പെട്ട രണ്ടു ചൊല്ലുകൾ എഴുതുക.

6.ഓണക്കോടിയുടുത്ത ഉഷസ്സിനെ കവി വർണ്ണിക്കുന്നത് രണ്ടു വാക്യത്തിൽ എഴുതുക.

7. പ്രതിസന്ധികളെ അതിജീവിച്ച ഒരു മനുഷ്യന്റെ കഥ 'കൊച്ചുചക്കരച്ചി'എന്ന മാവിലും വായിച്ചെടുക്കാം.വിശദീകരണക്കുറിപ്പു തയ്യാറാക്കുക.

8.മാവിൻ ചുവട്ടിലെ കളികളും മറ്റും വിവരിക്കുന്നതിലൂടെ എ.പി ഉദയഭാനു ഒരു സംസ്കാരം കൂടിയാണ് വരച്ചിടുന്നത്. ഇന്നത്തെക്കാലത്തെ കുട്ടികളുടെ അനുഭവങ്ങളെ പഴയകാലവുമായി താരതമ്യപ്പെടുത്തി കുറിപ്പ് തയ്യാറാക്കുക.

പിരിച്ചെഴുതുക

- മധുരോദാരം
- മഞ്ഞാലീറനുടുത്തൊരു
- വഴിയേയെഴുന്നള്ളുകയായോണത്തപ്പൻ
- നല്ലതിഥിനമുക്കിനിയാരിതുപോലെ
- പരുങ്ങിയൊരുങ്ങിട്ടുമോണക്കോടിയുടുത്തൊരുഷസ്സേ
- മലർക്കളമെഴുതിക്കാത്തോരരചനെ
- ഇവരറിയുന്നീലെന്നഭിമാനം
- തന്നാവതുവേഗമയയ്ക്കാൻ

തിരു. വിദ്യാഭ്യാസ ജില്ല